(സി) ഈ ഭാഗത്ത് വാഹനങ്ങൾ സൂക്ഷിച്ചും ശ്രദ്ധിച്ചും ഓടിക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) സീബ്രാ ലൈൻ ഉള്ള സ്ഥലങ്ങളിൽ പോലീസുകാരെ നിയോഗിച്ച് വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

അഗ്നിക്കിരയാവുന്ന വീട്ടുടമയ്ക്കുള്ള ധനസഹായം

1470. [2211] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിക്കിരയാവുന്ന വീടുകളുടെ ഉടമകൾക്ക് ഗവൺമെൻറ് സഹായധനം കൊടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ തോതെന്താണ് ;

(സി) ഈ സഹായധനം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക സ്ഥിതിക്കനുസരിച്ചും നഷ്ടത്തിൻെറ വ്യാപ്തിയനുസരിച്ചും 10% മുതൽ 15% വരെ സഹായധനം നൽകുന്നുണ്ട്. നിയമാനുസൃതം പരമാവധി നൽകാവുന്ന തുക ആയിരം രൂപയാണ്.

(സി) തൽക്കാലം ഉദ്ദേശമില്ല.

വോട്ടർ പട്ടിക

1471. [2212] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വോട്ടർ പട്ടികയുടെ അച്ചടി എവിടെയാണ് ഏൽപ്പിച്ചിട്ടുള്ളത്, അതിൻെറ ചെലവു എന്തുവരും ;

(ബി) കഴിഞ്ഞ തവണ വോട്ടർ പട്ടികയുടെ അച്ചടി എവിടെ ആയിരുന്നു നിർവ്വഹിച്ചതെന്നും അതിൻെറ ഒരു പേജ് അച്ചടിക്കുന്നതിനുവേണ്ടി വന്ന ചെലവ് എത്രയെന്നും പറയാമോ ;

(സി) ഇത് ഗവൺമെൻറ് പ്രസ്സുകളിൽ അച്ചടിപ്പിക്കുന്നതിന് ഒരു പേജിന് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വർഷം പ്രൈവറ്റ് പ്രസ്സുകളിൽ വോട്ടർ പട്ടികയുടെ ഒരു പേജ് അച്ചടിക്കുന്നതിന് എന്തു നിരക്കാണ് അവർ ആവശ്യപ്പെട്ടിരുന്നത് ;

(ഇ) ഇതു സംബന്ധിച്ച് പ്രിൻേറഴ്സ് ആൻറ് പബ്ലിഷേഴ്സ് അസോസിയേഷനിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വോട്ടർ പട്ടികയുടെ അച്ചടി പ്രൈവറ്റ് പ്രസ്സുകളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിൻെറ ആകെ ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly